Draft #1 of File 17180/AD B 3-3/2020/AD B 3 Approved by ESTATE OFFICER ADMINISTRATION on 19-May-2020 11:04 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

Covid -19 കോട്ടയം ജില്ലയ്ക്ക് പുറത്ത് താമസിക്കുന്ന സർവകലാശാല ജീവനക്കാർക്ക് സർവകലാശാല അതിഥി മന്ദിരത്തിലെ ലഭ്യമായ മുറികൾ താമസിക്കുന്നതിലേക്കായി നൽകുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം ബി 3 സെക്ഷൻ**

നമ്പർ. 2095/AD B 3/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.05.2020

---

*പരാമർശം:*-സർവകലാശാലയിലെ അനദ്ധ്യാപക വിഭാഗം സംഘടനാ പ്രതിനിധികളുമായി 2020 മേയ് മാസം 15 ന് രജിസ്ട്രാറുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പുകൾ

**ഉത്തരവ്**

COVID-19 ന്റെ പാശ്ചാതലത്തിൽ സർവകലാശാലയിലെ അനദ്ധ്യാ പക വിഭാഗം സംഘടനാ പ്രതിനിധികളുമായി 2020 മേയ് മാസം 15 ന് രജിസ്ട്രാറുടെ ചേമ്പറിൽ യോഗം ചേരുകയും കോട്ടയം ജില്ലയ്ക്ക് പുറത്ത് താമസിക്കുന്ന ജീവനക്കാരുടെ താമസ സൗകര്യം സംബ ന്ധിച്ച് താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുകയും ചെയ്തു :

മറ്റ് ജില്ലകളിൽ താമസിക്കുന്ന ജീവനക്കാർക്ക് സർവകലാശാല അതിഥി മന്ദിരത്തിലെ ലഭ്യമായ ഡബിൾ റൂമുകൾ ,ഡോർമെറ്ററി കൾ എന്നിവ അംഗീകൃത നിരക്കിൽ നിന്നും ഇളവ് നൽകി ചുവടെ ചേർത്തിരിക്കുന്ന നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

ഡബിൾ റൂമുകൾ :പ്രതിദിനം രൂപ 150 /-

ഡോർമെറ്ററികൾ :ബെഡ് ഒന്നിന് രൂപ 25 /-

(ഭക്ഷണ ചിലവ് ജീവനക്കാർ വഹിക്കേണ്ടതാണ് )

അതിഥി മന്ദിരത്തിലെ മുറികൾ ,ഡോർമെറ്ററികൾ എന്നിവ ജീവനക്കാർക്ക് നൽകുമ്പോൾ വനിതാ ജീവനക്കാർക്ക് മുൻഗണന നൽകേണ്ടതും ജീവനക്കാരുടെ കാര്യത്തിൽ,അവരുടെ താമസ സ്ഥലത്ത് നിന്നും സർവ്വകലാശാലയിലേക്കുള്ള ദൂരം കൂടി കണക്കി ലെടുത്ത് മുറികൾ അനുവദിക്കാവുന്നതുമാണ്.

ടി .നിർദ്ദേശങ്ങൾ ബഹു .വൈസ് ചാൻസലർ പരിഗണിക്കുകയും അംഗീകൃത നിരക്കിൽ നിന്നും ഇളവ് നൽകി അതിഥി മന്ദിരത്തിലെ മുറികൾ അനുവദിക്കുന്നത് സിൻഡിക്കേറ്റിന്റെ അധികാര പരിധി യിൽ വരുന്ന വിഷയമാണെങ്കിലും അടിയന്തിര സാഹചര്യം പരിഗ ണിച്ച് സർവകലാശാല ആക്ട് 1985 ,ചാപ്റ്റർ III ,സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

വെങ്കിടേശ്വരൻ ആർ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് -ചാൻസലർ / പ്രൊ -വൈസ് -ചാൻസലർ എന്നിവരുടെ പി .എസ്

2.രജിസ്ട്രാറുടെ /ഫിനാൻസ് ഓഫീസറുടെ പി.എ .

3.ഗസ്റ്റ് ഹൗസ് കെയർ ടേക്കർ

4 .ലോക്കൽ ഫണ്ട് ആഡിറ്റ്

5. സെക്യൂരിറ്റി ഓഫീസർ

6. കണ്ടെന്റ് മാനേജ്‌മെന്റ് സെക്ഷൻ

7. എസ്റ്റേറ്റ് ഓഫീസർ.

5 .സ്റ്റോക്ക് ഫയൽ/കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 17180/AD B 3-3/2020/AD B 3 Approved by ESTATE OFFICER ADMINISTRATION on 19-May-2020 11:04 AM - Page 2